# റിപ്പബ്ലിക് ഓഫ് സിംഗപ്പൂർ പ്രസിഡണ്ടിന്റെ ഇന്ത്യാ സന്ദർശനം

ഫെബ്രുവരി 09, 2015

റിപ്പബ്ലിക് ഓഫ് സിംഗപ്പൂർ പ്രസിഡണ്ട് ആദരണീയനായ ഡോ. ടോണി ടാൻ കെങ്
യാം പത്നി ശ്രീമതി മേരി ടാനിനൊപ്പം ഫെബ്രുവരി 8 മുതല് 11, (ഫെബ്രുവരി
8-11,2015 ) വരെ ഇന്ത്യ സന്ദർശിക്കുന്നു. ഇന്ത്യയുടെ രാഷ്ട്രപതി ശ്രീ പ്രണബ് മുഖർജിയുടെ ക്ഷണം സ്വീകരിച്ചാണ് സന്ദർശനം . പ്രധാനമന്ത്രിയുടെ കാര്യാലയത്തിലെ മന്ത്രി, പരിസ്ഥിതി, ജലം രണ്ടാം മന്ത്രിമാർ, വിദേശകാര്യ രണ്ടാം മന്ത്രി മീസ് ഗ്രേസ് ഫു , സാംസ്ക്കാരിക മന്ത്രി സാമൂഹ്യ യുവജന, വാർത്താവിനിമയ -വിവര മന്ത്രി ശ്രീ ലോറൻസ്
വോങ് , പാർലമെന്ററി അംഗങ്ങള്, ഉന്നത ഉദ്യോഗസ്ഥര് എന്നിവര് അടങ്ങുന്നതാണ് അദ്ദേഹത്തിന്റെ പ്രതിനിധിസംഘം . ഇന്ത്യയും സിംഗപ്പൂരും തമ്മിൽ സ്ഥാപിച്ച നയതന്ത്ര ബന്ധങ്ങളുടെ അൻപതാം
വാർഷികം ആഘോഷിക്കുന്ന വേളയില് അദ്ദേഹത്തിന്റെ സന്ദർശനം മാറ്റ് കൂട്ടുന്നു . ഇന്ത്യ-സിംഗപ്പൂർ ബന്ധങ്ങള് , കാഴ്ചപ്പാടുകളുടെയും മൂല്യങ്ങളുടെയും യോജിപ്പുകളുടെ അടിസ്ഥാനത്തിൽ ആണ് രൂപപ്പെട്ടിരിക്കുന്നത് . ആസിയാനിലേക്കുള്ള നമ്മുടെ പ്രവേശനമാർഗം ആണ് സിംഗപ്പൂര് , അത് വികസിച്ച് കൊണ്ടിരിക്കുന്നതും ശക്തവുമാണ് . ശക്തമായ രാഷ്ട്രീയ ധാരണ ,
ഉറ്റ പ്രതിരോധം- സുരക്ഷാ സഹകരണം, സാമ്പത്തിക ഇടപാടുകളിലെ വളരുന്ന
ഉപചാരങ്ങൾ , സംസ്ക്കാരം, സാംസ്ക്കാരിക ബന്ധങ്ങൾ , ഉഭയകക്ഷി, ബഹുമുഖ
വേദികളിൽ പങ്കുവയ്ക്കുന്ന താത്പര്യങ്ങൾ എന്നിവയ്ക്കു ചുറ്റും അത് വ്യാപിച്ചിരിക്കുന്നു . ആദരണീയനായ പ്രസിഡണ്ട് ടാനെ രാഷ്ട്രപതിഭവനിൽ ആചാരപരമായ രീതിയിൽ
സ്വാഗതം ചെയ്തു. അതിനെ തുടർന്നു അദ്ദേഹം രാജ്ഘട്ടില് പുഷ്പചക്രം സമർപ്പിച്ചു .

ആദരണീയനായ പ്രസിഡണ്ട് ടാൻ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡി, കേന്ദ്ര

വിദേശകാര്യ മന്ത്രി ശ്രീമതി സുഷമ സ്വരാജ് എന്നിവരുമായി കൂടിക്കാഴ്ച നടത്തി. നമ്മുടെ പങ്കാളിത്തത്തെ കൂടുതൽ ഉയർന്ന നിലയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ മേഖലാ, അന്താരാഷ്ട്ര വിഷയങ്ങളിൽ സഹകരണം
ശക്തമാക്കുക , ഉഭയകക്ഷി ബന്ധം കൂടുതൽ വർദ്ധിപ്പികുക എന്നിങ്ങനെ വളരെ
വിശാലമായ തലത്തിൽ അവര് ചർച്ചകള് നടത്തി. നമ്മുടെ വികസന പ്രക്രിയയിൽ നേരിട്ടു പ്രയോജനം നൽകുന്ന പുതിയ മേഖലകളെ അവര് ചർച്ചയില് ഉൾക്കൊള്ളിച്ചു . സ്മാർട് നഗരങ്ങള്, നഗര പുനരുദ്ധാരണം , കഴിവുകൾ വികസിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കല്, ഗതാഗത ബന്ധം, തീരപ്രദേശ, തുറമുഖ വികസനം, വടക്ക് കിഴക്കൻ ഇന്ത്യയുമായുള്ള ബന്ധം ശക്തമാക്കൽ, ഇന്ത്യയില് ആരംഭിച്ച പുതിയ സംരംഭങ്ങൾക്ക് നിക്ഷേപ സാധ്യതകൾ വർദ്ധിപ്പിക്കുവാനുള്ള പദ്ധതികള് ഇന്ത്യയുമായി വിനിമയങ്ങൾ നടത്തല് എന്നീ പ്രത്യേക സംരംഭങ്ങൾ കൂടി അവയില് ഉൾപ്പെടുന്നു. ശാസ്ത്ര സാങ്കേതിക വിദ്യ , സ്പേസ്, മറ്റ് മേഖലകൾ എന്നിവയിൽ ഉത്പാദനവും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിന് അനുഭവജ്ഞ്ഞാനം പങ്കുവക്കാമെന്നും സഹകരണം വികസിപ്പിക്കാമെന്നും തീവ്രവാദത്തിനെതിരെ ഒരുമിച്ച് പൊരുതാമെന്നും അവർ തീരുമാനിച്ചു . ഇരു
രാജ്യങ്ങളും തമ്മിലുള്ള പ്രത്യേക വിശിഷ്ട ബന്ധങ്ങള് പ്രകടമാക്കുന്ന പരസ്പര വിശ്വാസം , ധാരണ , സഹകരണം , എന്നിവ ചർച്ചയില് തെളിഞ്ഞു
നിന്നിരുന്നു .

ആദരണീയനായ പ്രസിഡണ്ട് ടാൻ നാളെ നടക്കുന്ന ഇന്ത്യയിലെ സിംഗപ്പൂർ
ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്യും. "സിംഗപ്പൂർ ആൻഡ് ഇന്ത്യ : പങ്ക് വയ്ക്കപ്പെടുന്ന ഒരു ഭാവിയിലേക്ക് ", ("Singapore and India: Towards A Shared Future", ) എന്ന പുസ്തകം വാർഷിക സ്മരണിക ആയി അദ്ദേഹം പ്രകാശനം
ചെയ്യും, നാഷണൽ മ്യൂസിയത്തില് പേരങ്കന് പ്രദർശനം തുറക്കുകയും 'സിംഗപ്പൂരിന്റെ രുചികള് '("Flavours Of Singapore". ) എന്ന ആശയമുള്ള ഭക്ഷ്യമേള ഒരുക്കുകയും ചെയ്യും. വർഷം നീണ്ടു നിൽക്കുന്ന സിംഗപ്പൂരിൽ നടക്കുന്ന ഇന്ത്യ ഉത്സവം , 2014 ആഗസ്ത് മുതല് ഉണ്ട്. നമ്മുടെ സംസ്ക്കാരം, കണ്ടുപിടുത്തങ്ങൾ, യുവത, സംസ്ഥാനങ്ങൾ എന്നിവയാണ്
അതിൽ കാണിക്കുന്നത്

സിംഗപ്പൂർ പ്രസിഡണ്ടിന്റെ രാജ്യ സന്ദർശനം നമ്മുടെ പരമ്പരാഗതമായ

അടുത്ത ഇയടപെടലുകൾ കൂടുതല് വർദ്ധിപ്പിക്കുവാനും ഇരു രാജ്യങ്ങൾക്കും ഇടയിലുള്ള ഉഭയകക്ഷി ബന്ധങ്ങൾ മികച്ചതാക്കാനും സഹായകമാകും .

ന്യൂഡെൽഹി
9 ഫെബ്രുവരി, 2015